(എഫ്) യഥാസമയം ആവശ്യമായ തുക ജില്ലാ കളക്ടർമാർക്ക് അനുവദിക്കുവാനും അപേക്ഷകർക്ക് അടിയന്തിരമായി ധനസഹായം നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

39 (2224) ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായം

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 സാമ്പത്തിക വർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും പേരാമ്പ്ര നിയോജകമണ്ഡലത്തിലെ അപേക്ഷകളിന്മേൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇങ്ങനെ അനുവദിച്ച തുക കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) 1998-99 സാമ്പത്തിക വർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 52 പേർക്കായി 75,000/-രൂപ (എഴുപത്തി അയ്യായിരം രൂപ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ അപേക്ഷകർക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) കാലതാമസം കൂടാതെതന്നെ ഈ തുക അതാത് താലൂക്ക് തഹസീൽദാർമാർ വിതരണം നടത്തിയിട്ടുണ്ട്.

40 (2225) തിരുവനന്തപുരത്ത് ഫയലിംഗ് അധികാരത്തോടുകൂടിയ ഹൈക്കോടതി ബഞ്ച്

ശ്രീ. ബി. വിജയകുമാർ :
ശ്രീ. പാലോട് രവി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഫയലിംഗ് അധികാരത്തോടുകൂടിയ ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ഇക്കാര്യത്തിനായി ഈ ഗവൺമെന്റ് ഏതെല്ലാം തീയതികളിലാണ് കേന്ദ്രഗവണ്മെന്റിന് കത്തെഴുതിയത്;

(സി) കേന്ദ്രത്തിൽനിന്നും ലഭിച്ച മറുപടി എന്തായിരുന്നു;

(ഡി) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് കേരള ഹൈക്കോടതി എന്തെങ്കിലും അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ)-(സി) ജസ്വന്ത്സിംഗ് കമ്മീഷൻ റിപ്പോർട്ടിലെ വ്യവസ്ഥകളും സംസ്ഥാന പുനഃസംഘടനാ നിയമത്തിലെ വ്യവസ്ഥകളും പാലിച്ചുകൊണ്ടു മാത്രമേ സംസ്ഥാന സർക്കാരിനും കേന്ദ്രസർക്കാരിനും ഇക്കാര്യത്തിൽ തീരു

LIBRARY ARCHIVES Kerala Legislative Assembly